കൊയിലാണ്ടിയിലും സമീപപ്രദേശങ്ങളിലും കുടിവെള്ളം വിതരണം ചെയ്യുവാനുള്ള പദ്ധതി

92 (2370) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴിയിൽ നിന്നും ജലം സംഭരിച്ച് കൊയിലാണ്ടിയിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളവിതരണം ചെയ്യുവാനുള്ള പദ്ധതിക്ക് എത്ര രൂപയുടെ അടങ്കൽ തുകയ്ക്കുള്ള പ്രോജക്ടായിരുന്നു തയ്യാറാക്കിയിരുന്നത് ;

(ബി) ഈ പദ്ധതിക്കായി ഇതുവരെയായി എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെട്ട ഉള്ളിയേരി പഞ്ചായത്തിൽ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വാർഡുകളിൽ ശുദ്ധജലവിതരണം നൽകിവരുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ഡി) പൈപ്പ്ലൈൻ ഇട്ടുകഴിഞ്ഞിട്ടില്ലാത്ത വാർഡുകളിൽ പൈപ്പ് എത്ര കാലം കൊണ്ട് ഇടാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1984-ൽ 520 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റാണ് ഈ പദ്ധതിക്കായി തയ്യാറാക്കിയിരുന്നത്. എന്നാൽ പദ്ധതിക്കാവശ്യമായ പൈപ്പിന്റെയും മറ്റു സാധനസാമഗ്രികളുടെയും വിലയിലും കൂലിയിനത്തിലും ഉണ്ടായ വർദ്ധനവുമൂലം എസ്റ്റിമേറ്റ് തുക 906 ലക്ഷം രൂപയായി പുതുക്കിയിട്ടുണ്ട്.

(ബി) 10,00,17,392 രൂപ.

(സി) ഉള്ളിയേരി പഞ്ചായത്തിലെ ഒരു വാർഡിലും പ്രസ്തുത പദ്ധതി വഴി ഇപ്പോൾ ശുദ്ധജലവിതരണം നടത്തുന്നില്ല. പഞ്ചായത്തിലെ പഴയ വാർഡുകളായ 2,4,5,6,7,10 എന്നീ വാർഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്താൽ ഉള്ളിയേരി പഞ്ചായത്തിലെ മേൽപ്പറഞ്ഞ വാർഡുകളിൽ ജലവിതരണം നടത്താൻ കഴിയുന്നതാണ്.

(ഡി) ഈ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പുലൈനുകൾ മുഴുവൻ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

നൻമണ്ട റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം

93 (2371) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നൻമണ്ട റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വാട്ടർ അതോറിറ്റി ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly